G2/8648/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 28.02.2020

പ്രേഷകൻ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1.രജിസ്ട്രാർ,
യൂണിവേഴ്സിറ്റി ഓഫ് കേരള/ മഹാത്മാഗാന്ധി/ കണ്ണൂർ/കാലിക്കട്ട്
2.ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ മേഖല ഓഫീസ് കൊല്ലം / കോട്ടയം/തൃശ്ശൂർ/എറണാകുളം/
കോഴിക്കോട്

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളിലും, പ്രാദേശിക പ്രതി സന്ധിയിലും സഹായമെത്തിക്കൽ - കോളേജുകളിൽ സാമൂഹിക സന്നദ്ധ സേന രൂപീകരിക്കുന്നത് - നിർദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന:- 1.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 18.02.2020 തീയതിയിലെ 125/ 2020/ M - HEdn നമ്പർ കുറിപ്പ് .
2.പൊതുഭരണ (ഏകോപനം) വകുപ്പിൻറെ 01.01.2020 തീയതിയിലെ സ.ഉ.(കൈ) നമ്പർ 01/ 2020/ പൊ.ഭ.വ നമ്പർ ഉത്തരവ്.
3.ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ

സൂചനകളിലേക്ക് സദയം ശ്രദ്ധിച്ചാലും.സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളിലും, പ്രാദേശിക പ്രതി സന്ധികളിലും സഹായമെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സന്നദ്ധ സേനയിൽ അംഗങ്ങളാകുന്നതിന് ***www.sannadham.kerala.gov.in*** എന്ന പോർട്ടലിൽ ടി സർക്കുലറിൽ പറഞ്ഞിരിക്കും പ്രകാരം രജിസ്ട്രേഷൻ നടപടികൾ ചെയ്യുന്നതിന് എല്ലാ എയ്ഡഡ്/ അൺഎയ്ഡഡ് കോളേജുകൾക്കും നിർദേശങ്ങൾ നൽകണമെന്ന് അറിയിക്കുന്നു. ആയതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് മാർച്ച് 15 നകം ഈ ഓഫീസിൽ ലഭ്യമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# Approval Valid

Digitally Approved By
ഡോ.സുമ കെ.കെ
Date: 28.02.2020
Reason: Approved

വിശ്വസ്തതയോടെ
ഒപ്പ് /-
ഡോ.സുമ കെ.കെ
അഡിഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു
വേണ്ടി

G2/8648/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 28.02.2020

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളിലും, പ്രാദേശിക പ്രതിസന്ധിയിലും സഹായമെത്തിക്കൽ - കോളേജുകളിൽ സാമൂഹിക സന്നദ്ധ സേന രൂപീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 18.02.2020 തീയതിയിലെ 125/ 2020/ M -HEdn നമ്പർ കുറിപ്പ് .
2.പൊതുഭരണ (ഏകോപനം) വകുപ്പിൻറെ 01.01.2020 തീയതിയിലെ സ.ഉ.(കൈ) നമ്പർ 01/ 2020/ പൊ.ഭ.വ നമ്പർ ഉത്തരവ്.

*********

മുൻകാലങ്ങളിൽ കേരളത്തെ ബാധിച്ചപോലുള്ള പ്രകൃതി ദുരന്തങ്ങളുടെ പാഠം ഉൾക്കൊണ്ടുകൊണ്ട് ഫലപ്രദമായ ദുരന്തപ്രതികരണ സംവിധാനം ഉണ്ടാക്കുന്നതിന്, 18 വയസ്സിനും 65 വയസ്സിനും ഇടയ്ക്ക് പ്രായമുള്ളവരോടും പ്രത്യേകിച്ച് യുവാക്കളോടും കേരള സംസ്ഥാന ദുരന്ത പരിപാലന അതോറിറ്റിയുടെ സന്നദ്ധ സേനയിൽ അംഗങ്ങളാകുന്നതിന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അഭ്യർത്ഥിച്ചിരിക്കുന്നു.

ആയതിന് ടി അതോറിറ്റിയുടെ www.sannadham.kerala.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ ടി വിഷയം സംബന്ധിച്ച് വകുപ്പിന് കീഴിലുള്ള സർക്കാർ /എയ്ഡഡ് /അൺഎയ്ഡഡ് കോളേജുകളിലെ എൻ.എസ്.എസ്, എൻ.സി.സി യൂണിറ്റുകൾ, കോളേജ് യൂണിയനുകൾ എന്നിവയെ യോജിപ്പിച്ച് സന്നദ്ധരായ വിദ്യാർത്ഥികളെ ടി പോർട്ടലിൽ രജിസ്ട്രേഷൻ നടപടികൾ ചെയ്യിക്കുന്നതിനു താഴെപ്പറയും പ്രകാരം നിർദ്ദേശം നൽകുന്നു.

1.രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനായി ഒരു അദ്ധ്യാപകന് ചുമതല നൽകേണ്ടതാണ്.

2.സന്നദ്ധരായ കോളേജ് വിദ്യാർത്ഥികൾ,എൻ.എസ്.എസ്, എൻ.സി.സി,കോളേജ് യൂണിയനുകളിലെ അംഗങ്ങൾ എന്നിവരെയാണ് സന്നദ്ധ സേനയിലെ അംഗങ്ങൾ ആക്കേണ്ടത്.

3.കോളേജുകളിൽ ഇതിനായി പ്രത്യേകം ബൂത്തുകൾ സജ്ജമാക്കേണ്ടതാണ് . ബൂത്തുകളിൽ കമ്പ്യൂട്ടർ/ ലാപ്ടോപ്പ്, ഇൻറർനെറ്റ് സംവിധാനങ്ങൾ കോളേജ് തലത്തിൽ തന്നെ ക്രമീകരിക്കുന്നതിന് അതാത് പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്.

4.വകുപ്പിന്റെ ഡയറക്ടർ ആഫീസിലേക്ക് ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിക്കുന്നതിനും , തുടർ നിർദേശാനുസരണം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലും, യൂണിവേഴ്സിറ്റികളിലും ഒരു ജീവനക്കാരനെ ചുമതലപ്പെടുത്തേണ്ടതാണ്.ടി യാളുടെ പേര്, ഉദ്യോഗപ്പേര് , മൊബൈൽ നമ്പർ എന്നിവ അറിയിക്കേണ്ടതാണ്.

5. ടി രജിസ്ട്രേഷൻ നടപടികൾ മാർച്ച് 10 ന് മുൻപ് പൂർത്തീകരിക്കേണ്ടതാണ്.

6.രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചശേഷം സർക്കാർ കോളേജുകൾ നേരിട്ടും, എയ്ഡഡ്/അൺഎയ്ഡഡ് കോളേജുകളിലെ രജിസ്ട്രേഷൻ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർമാർ ക്രോഡീകരിച്ച് മാർച്ച് 15 ന് മുൻപായും ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

# Approval Valid

Digitally Approved By
ഡോ.സുമ കെ.കെ
Date: 28.02.2020
Reason: Approved

*ഒപ്പ്/-*
**ഡോ.സുമ കെ.കെ**
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

1.രജിസ്ട്രാർ,
യൂണിവേഴ്സിറ്റി ഓഫ് കേരള/ മഹാത്മാഗാന്ധി/ കണ്ണൂർ/കാലിക്കറ്റ്
2.ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ മേഖല ഓഫീസ് കൊല്ലം / കോട്ടയം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
3.എല്ലാ ഗവ.കോളേജ് പ്രിൻസിപ്പൽമാർക്കും
4.സിസ്റ്റം മാനേജർ